പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1278 — 31.10.2019 ൽ മറുപടിക്ക്

## സെമി ഹൈസ്പീഡ് റെയിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം വേളി മുതൽ കാസർഗോഡ് വരെ അഞ്ഞൂറ്റിപ്പത്ത് കിലോമീറ്റർ ദൂരം സെമി ഹൈസ്പീഡ് റെയിൽ പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;<br><br>(ബി) ഇതിനായി വിശദ പഠനം നടത്തുന്നതിന് കൺസൾട്ടന്റിനെ തെരഞ്ഞെടുത്ത് ഡി.പി.ആർ. തയ്യാറാക്കി റെയിൽവെ ബോർഡിന്റെ അംഗീകാരം തേടിയിട്ടുണ്ടോ;<br><br>(സി) ഈ പദ്ധതിക്കായി എത്ര പേരെ പുനരധിവസിപ്പിക്കേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ; | (എ) യും (ബി) യും (സി) യും<br>തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ ദൂരത്തിൽ സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും പാത എന്നത് സംസ്ഥാനത്തിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. ഈ പദ്ധതിയുടെ വിശദമായ പഠനം നടത്തുന്നതിലേക്കായി "സിസ്ട്ര" എന്ന സ്ഥാപനത്തെ ജനറൽ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. **26.08.2019** ലെ സ.ഉ(കൈ) നം 43/2019/ഗതാ പ്രകാരം റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രം വാല്യൂ ക്യാപ്ച്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.<br>ഈ പദ്ധതിക്കായി 3030.624 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടി വരും 6395 വീടുകൾ ഒഴിപ്പിക്കേണ്ടി വരും.<br>56,442 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന സെമീ ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി പൂർത്തിയാക്കുമ്പോൾ 66,405 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 5 വർഷത്തിനകം നടപ്പിലാക്കാൻ സാധിക്കുമെന്ന് കരുതുന്നു.<br>റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ